# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2677 — 09/03/2017 -ലെ മറുപടി

## കൃത്യനിർവ്വഹണത്തിനായുള്ള യാത്രയ്ക്കിടെ മരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) കൃത്യനിർവ്വഹണത്തിനായുള്ള യാത്രയ്ക്കിടെ വാഹനാപകടത്തിൽ 20/11/2015-ന് മരണമടഞ്ഞ കേരള വാട്ടർ അതോറിറ്റി ചാലക്കുടി സെക്ഷൻ ഓഫീസിലെ ഫിറ്റർ ശ്രീ. ടി.വി.ശിവഷാജന്റെ കുടുംബത്തിന് ലഭിക്കേണ്ട ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) ശിവഷാജന്റെ ഭാര്യ ശ്രീമതി രേഖാമോൾക്ക് ഇൻഷ്വറൻസ് ആനുകൂല്യം ഉടൻ ലഭ്യമാക്കുന്നതിനും ഇവർക്ക് ആശ്രിത നിയമനം ലഭിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (എ) & (ബി) ചാലക്കുടി സബ് ഡിവിഷനിലെ ഹെഡ് ഫിറ്റർ ആയിരുന്ന ശ്രീ. ടി.വി.ശിവഷാജന്റെ മാസശമ്പളത്തിൽ നിന്നും കുറവ് ചെയ്ത 2015-ലെ ഇൻഷ്വറൻസ് പ്രീമിയം ചാലക്കുടി സബ് ഡിവിഷൻ ഓഫീസിൽ നിന്നും ഇൻഷ്വറൻസ് വകുപ്പിൽ അടച്ചിരുന്നില്ല. എന്നാൽ 2013, 2014 വർഷങ്ങളിലെ പ്രീമിയം തുക സമയബന്ധിതമായി അടച്ചിരുന്നതുമാണ്. പ്രീമിയം തുക കൃത്യമായി അടയ്ക്കുന്നതിൽ വീഴ്ച സംഭവിച്ചതിനാൽ ക്ലെയിം പരിഗണിക്കുവാൻ സാധിക്കുകയില്ല എന്ന് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് അറിയിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിൽ ഒരു പ്രത്യേക മാനുഷിക പരിഗണന നൽകി പരേതനായ ശിവഷാജന്റെ കുടുംബത്തിന് ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു. പരേതനായ ശിവഷാജന്റെ ശമ്പളത്തിൽ നിന്നും ഇൻഷ്വറൻസ് പ്രീമിയം ഈടാക്കുകയും ടിയാന്റേതല്ലാത്ത കാരണത്താൽ ടിതുക ഇൻഷ്വറൻസ് വകുപ്പിന് കൊടുക്കുന്നതിൽ വീഴ്ച സംഭവിക്കുകയും ചെയ്ത സാഹചര്യത്തിൽ പരേതന്റെ കുടുംബത്തിന് അവകാശപ്പെട്ട തുക കേരള വാട്ടർ അതോറിറ്റി ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള ഒരു ശുപാർശ, വരുന്ന കേരള വാട്ടർ അതോറിറ്റിയുടെ ബോർഡ് യോഗത്തിൽ |

സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ടി തുക ഇൻഷ്വറൻസ് വകുപ്പ് അനുവദിച്ചാൽ ആയത് കേരള വാട്ടർ അതോറിറ്റിയിൽ തിരികെ നൽകിക്കൊള്ളാം എന്ന വ്യവസ്ഥ പ്രകാരമാണ് ശുപാർശ ബോർഡിന്റെ പരിഗണനയ്ക്കായി വയ്ക്കുന്നത്.

മരണപ്പെട്ട ശിവഷാജന്റെ ഭാര്യ ശ്രീമതി. രേഖാമോളുടെ ആശ്രിതനിയമനത്തിനുള്ള അപേക്ഷ 31/12/2016-ൽ കേരള വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷ കേരള വാട്ടർ അതോറിറ്റി ബോർഡിന്റെ അംഗീകാരത്തോടെ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

JSK/